പത്രക്കുറിപ്പ്

KERALA STATE COMMISSION FOR
PROTECTION OF CHILD RIGHTS
Vanross Junction, Kerala University P.O.,
Thiruvananthapuram – 695 034
Phone : 0471 – 2326603/04/05
E-mail : pro.cpcr@gmail.com
24.04.2025

## സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു

കുട്ടികളുടെ സമ്പൂർണ്ണ വളർച്ച ഉറപ്പാക്കുന്നതിനും മനുഷ്യത്വം കാത്തുസൂക്ഷിക്കുന്നതിനും മാനസികാരോഗ്യം പരിപോഷിപ്പിക്കണമെന്ന് കൂടിയാലോചനായോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അഭിപ്രായപ്പെട്ടു. കുട്ടികളുടെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും സമൂഹം വ്യക്തമായ പ്രതിബദ്ധത കാണിക്കുന്നുണ്ടെങ്കിലും സാംക്രമികേതര രോഗങ്ങളെ അഭിസംബോധന ചെയ്യുന്ന കാര്യത്തിൽ കുട്ടികൾ പലപ്പോഴും അവഗണിക്കപ്പെടുന്നതായി അദ്ധ്യക്ഷനായിരുന്ന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ് കുമാർ പറഞ്ഞു. സംസ്ഥാന ബാലാവകാശ കമ്മിഷനും യുണിസെഫും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. കമ്മിഷൻ അംഗങ്ങളായ കെ.കെ. ഷാജു, എഫ്. വില്സ്ൺ ചൈൽഡ് ഹെൽത്ത് റെയർ ഡിസീസെസ് സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. രാഹുൽ യു.ആർ എന്നിവർ മോഡറേറ്റർമാരായിരുന്നു. കമ്മിഷൻ അംഗം ബി. മോഹൻ കുമാർ സ്വാഗതവും, എൻ.സുനന്ദ നന്ദിയും അർപ്പിച്ചു. യൂണിസെഫിന്റെ സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് കൗശിക് ഗാംഗുലി സാംക്രമികേതര രോഗങ്ങളും കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളും എന്ന വിഷയം അവതരിപ്പിച്ചു. ആരോഗ്യ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറും എൻ.സി.ഡി സ്റ്റേറ്റ് നോഡൽ ഓഫീസറുമായ ഡോ. ബിപിൻ. കെ.ഗോപാൽ, കമ്മിഷൻ അംഗങ്ങളായ ജലജമോൾ.റ്റി.സി, സിസിലി ജോസഫ്, സർക്കാർ മേഖലയിലെ എൻ.സി.ഡി ഡോക്ടർമാർ, വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷാകർത്താക്കൾ തുടങ്ങി 120 പേർ യോഗത്തിൽ പങ്കെടുത്തു. കമ്മിഷൻ ഫിനാൻസ് ഓഫീസർ രജനി മോൾ പി.റ്റി കൃതജ്ഞത പറഞ്ഞു.